**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2546** **04-03-2025 - ൽ മറുപടിയ്ക്ക്**

**കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി പദ്ധതിയ്ക്കായി എന്തെല്ലാം നടപടികളാണ് നിലവിൽ പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | പുതുശ്ശേരി സെൻട്രൽ, പുതുശേരി വെസ്റ്റ്, കണ്ണമ്പ്ര എന്നിവിടങ്ങളിലെ സ്ഥലങ്ങൾ ഉൾക്കൊള്ളുന്ന പാലക്കാട് സംയോജിത ഉൽപ്പാദന ക്ലസ്റ്ററിന് 3806 കോടി രൂപ ചെലവ് വരുന്ന പദ്ധതിക്ക് കേന്ദ്ര സർക്കാർ 2024 ഓഗസ്റ്റ് 28-ന അംഗീകാരം നൽകി. ഐ.എം.സി പദ്ധതിയ്ക്കായി ഏറ്റെടുക്കുന്ന1710 ഏക്കർ ഭൂമിയിൽ ഏകദേശം 1400 ഏക്കർ ഭൂമി ഏറ്റെടുത്തുകഴിഞ്ഞു. ബാക്കി ഉള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. പുതിയ വ്യാവസായിക സ്മാർട്ട് സിറ്റികൾക്കായുള്ള പ്രോഗ്രാം മാനേജ്മെന്റ് കൺസൾട്ടൻസി സേവനത്തിനുള്ള ടെൻഡർ 2024 ഡിസംബറിൽ ക്ഷണിച്ചു. 2025 മാർച്ച് 15-നകം പിഎംസി തിരഞ്ഞെടുപ്പ് പൂർത്തിയാകുമെന്നും ആഗോള ഇപിസി ടെൻഡർ 2025 മെയ്-യോടു കൂടി ക്ഷണിക്കുമെന്നും പ്രതീക്ഷിക്കുന്നു. ആദ്യഘട്ടമായി 110 ഏക്കർ ഭൂമി കിൻഫ്ര എസ്.പി.വി-യ്ക്ക് (കേരള ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെന്റ് കോർപ്പറേഷൻ) കൈമാറി അതിനോടനുബന്ധിച്ച് തുല്യ ഇക്വിറ്റിയായി NICDC 104.50 കോടി രൂപ എസ്.പി.വി-യ്ക്ക് കൈമാറിയിട്ടുണ്ട്. ഏറ്റെടുത്ത കൂടുതൽ ഭൂമി എസ്.പി.വി-യ്ക്ക് കൈമാറുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത വ്യവസായ ഇടനാഴിയിലൂടെ ലക്ഷ്യമിടുന്ന വികസന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | (ബി) | മാനുഫാക്ചറിംഗ് മേഖലയിലെ പ്രവർത്തനങ്ങൾക്ക് ഉത്തേജനം നൽകുന്നതിനുള്ള പദ്ധതികളാണ് പാലക്കാട് ആസൂത്രണം ചെയ്യുന്നത്. പുതുശ്ശേരി സെൻട്രലിൽ ആകെ ഭൂമിയുടെ 59.16 ശതമാനമാണ് (672.7 ഏക്കർ) ഇൻഡസ്ട്രിയൽ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത്. ഇവിടെ ഫാർമസ്യൂട്ടിക്കൽ ഉൽപന്നങ്ങൾക്കായി 420 ഏക്കറും ഹൈടെക് മേഖലയ്ക്ക് 96.5 ഏക്കറും നോൺ മെറ്റാലിക് മിനറൽ ഉൽപന്നങ്ങൾക്ക് 42.3 ഏക്കറും ടെക്സ്റ്റയിൽസിന് 54.3 ഏക്കറും റീസൈക്ലിംഗിന് 59.6 ഏക്കറും ഭൂമിയാണ് നൽകുന്നത്. 134.4 ഏക്കർ |

| | | | |
|---|---|---|---|
| | | | റോഡുകൾക്കായും 64.76 ഏക്കർ ഭൂമി താമസ ആവശ്യങ്ങൾക്കായും 27 ഏക്കർ അടിസ്ഥാന സൗകര്യങ്ങൾക്കായും 12.48 ഏക്കർ വാണിജ്യ ആവശ്യങ്ങൾക്കായും നൽകുന്നതാണ്.<br><br>പുതുശ്ശേരി വെസ്റ്റിൽ 54.25 ശതമാനം ഭൂമിയാണ് (130.19 ഏക്കർ) വ്യവസായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത്. ഫുഡ് ആൻഡ് ബിവറേജസ് മേഖലയ്ക്ക് 64.46 ഏക്കറും ഫാബ്രിക്കേറ്റഡ് മെറ്റൽ പ്രോഡക്ടുകൾക്ക് 52.94 ഏക്കറും റീസൈക്കിളിംഗിന് 12.79 ഏക്കറും റോഡുകൾക്കായി 34.39 ഏക്കറും നീക്കിവയ്ക്കുന്നതാണ്.<br><br>കണ്ണമ്പ്രയിലെ ആകെയുള്ള 313 ഏക്കറിൽ 54.21% ഭൂമിയാണ് (169.67 ഏക്കർ) വ്യാവസായിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത്. അതിൽ 107.34 ഏക്കർ ഫുഡ്സ് ആൻഡ് ബിവറേജസ് മേഖലയ്ക്കും 20.1 ഏക്കർ ലോഹേതര ധാതു ഉൽപന്നങ്ങൾക്കും 30.67 ഏക്കർ റബ്ബർ, പ്ലാസ്റ്റിക് ഉൽപന്നങ്ങൾക്കും 11.56 ഏക്കർ റീസൈക്കിൾ ചെയ്ത ഉൽപ്പന്നങ്ങൾക്കും 40.38 ഏക്കർ റോഡുകൾക്കും 4.66 ഏക്കർ പാർപ്പിട ആവശ്യങ്ങൾക്കും 2.94 ഏക്കർ വാണിജ്യ ആവശ്യങ്ങൾക്കും 4.72 ഏക്കർ അടിസ്ഥാന സൗകര്യവികസനത്തിനും ഉപയോഗിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ